Noes

Messrs. A. V. Moothedan
T. A. Ramachandra Ayyar
A. Eachara Menon
K. Ashtamurthi Nambudiripad
Chittur Kunhan Nambudiripad
C. N. Ittiravi Nambudiri
V. K. Bhaskara Menon
S. S. Koder
N. Govinda Pai
C. J. Luis
H. J. Walmesley
P. V. Raphael
V. K. Aravindaksha Menon
Rao Sahib I. N. Menon
A. Madhava Prabhu
Rama Varmha Tampuran
C. J. Mathew
B. V. K. Menon
M. Sivarama Menon
S. Venkateswaran
Rao Sahib M. M. Paul
Khan Sahib Y. M. Roshan Sahib Bahadur
Rao Sahib Dr. T. Verghese

Motion lost, 17 for and 23 against

The Cochin Code of Criminal Procedure (Amendment) Bill—Mr. P. Kumaran Ezhuthassan

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. President, I move that the Criminal Procedure Code (Amendment) Bill be taken into consideration, as reported by the Select Committee. In doing that, I have to make one or two observations. At the earlier stage of the Bill, the Hon'ble Advocate-General while stating that the principle of the Bill is accepted by the Government, was pleased to qualify that statement by saying that this being a Bill which affects the liberty of the subjects, something to be done to protect his liberties, requires minute consideration, just to see that it satisfies all that is wanted. I expressed my thanks for that attitude of the Government then and there and that attitude of the Government I am glad to say was consistently followed at the Select Committee stage. Examination was necessary and the Select Committee very carefully scrutinised the Bill and the result of their careful consideration is what is published in the shape of the Select Committee report. I am sure that my Hon'ble colleagues would have read it and from the Select Committee report it is clear that the best thought has been spent upon it and consistently with the position taken up by the Government at the earlier stage, the Committee has made some slight verbal changes, *viz.*, for the word "State" they have put "Cochin State" and for the word "Court", the words "High Court" have been put in for the purpose of clarity. Considering the present circumstances and perhaps the future circumstances also, that a person might have to be sent by the High Court to be brought before a military tribunal, the words "Court Martial or Tribunal" have been inserted. That has been put in as an addition. Except for these verbal changes, there have been no other changes. So, there is no necessity to speak at length on this Bill. It is a Bill that ought to have been on the Statute much earlier. I, therefore, commend it for the acceptance of this House.

Mr. T. P. Poulose *(Kanayannur):* Any changes from the British Act?

Mr. P. Kumaran Ezhuthassan *(Vadakkancheri):* Absolutely no changes, except those suited to our conditions, and circumstances. But those changes were made in the original Bill. No material change has been made in that Bill, except some verbal alterations and the additions adverted already, adverted to by me.

Mr. M. Sivarama Menon *(Advocate-General):* The Government are not opposing this Bill.

The Motion put and carried

Clause 2 put and carried

Clause 1 and Preamble put and carried

Mr. P. Kumaran Ezhuthassan *(Vadakkancheri);* Sir, I move that the Bill be taken up and finally passed into law tomorrow.

Motion put and carried

The Food question in Cochin State—*(cont.)*

Mrs. Joshua *(Trichur-Women):* I would invite the special attention of the Government on two points which deserve the best consideration at the hands of the Government. We are happy, rice is rationed 7 out of 8 days. But this benefit is taken away by the compulsion to purchase wheat. There is no exaggeration when I say that a good section of the poor people forego the rice ration for want of money to purchase the wheat. Imagine, how hard the Rule works on those who are most needy! When wheat was distributed free the other day, the officers concerned

LIBRARY ARCHIVES Kerala Legislative Assembly

found it a very difficult thing to get people to receive it. That is the position of wheat among the poor people. If enquiries are made it will be found that rice ration is not purchased by many people for want of money to purchase wheat. Why this unholy complusion, I ask? Why not remove this? It is a serious matter in which the Government should take a decision without losing more time.

One more matter. The one mistake that the Government committed from the beginning was to distrust the traders of the country. They are looked upon as enemies to the control system. This was a mistake which should be rectified forthwith. We have to take them into our confidence, enlist their co-operation and that will immensely help the working of the Department. With all the literary and legal qualifications of our grain purchasing officers, they cannot, in the field of business, do full justice to their work.

I don't want to tread any more the grounds already covered by the other Hon'ble Members.

With these words I resume my seat.

മിസ്റ്റർ സി. കെ. നായർ : കൊച്ചി ഗവൎമ്മെണ്ടു് ഇന്നെവരെ ചെയ്തിട്ടുള്ള പൊതുജനോപകാരപ്രദങ്ങളായ പ്രവൃത്തികളിൽ പ്രഥമസ്ഥാനം വഹിക്കുന്ന ഒന്നാണു് ഇവിടുത്തെ ഫൂഡ് സപ്ലൈ ഡിപ്പാർട്ടുമെണ്ടു രൂപവല്ക്കരണം. കേവലം സാധുക്കളെ ഉദ്ദേശിച്ചാണു് ഈ വകുപ്പു രൂപവല്ക്കരിച്ചിട്ടുള്ളതെന്നു കാണാൻ വിഷമമില്ല. ഇന്നത്തെ നെല്ലെടുപ്പും അതിന്റെ വിതരണവും ഇല്ലായിരുന്നെങ്കിൽ തന്നെയും ജന്മികൾക്കൊ നിലമുടമസ്ഥന്മാൎക്കൊ യാതൊരു ദോഷവും വരാനില്ല. എന്തു വില കൊടുത്തും ആവശ്യത്തിന്നുള്ള നെല്ലു വാങ്ങാൻ കഴിവുള്ള സമ്പന്നന്മാൎക്കും ഈ ഡിപ്പാർട്ടുമെണ്ടിന്റെയൊ അതിന്റെ പ്രവൎത്തനങ്ങളുടെയൊ അഭാവം കുഴപ്പമുണ്ടാക്കുകയില്ല. നേരെമറിച്ചു്, ഈ ഡിപ്പാർട്ടുമെണ്ടിന്റെ പ്രവൎത്തനം ഈ വിഭാഗങ്ങളെ അസ്വതന്ത്രതയിൽ കുടുക്കി കുഴപ്പത്തിലാക്കിയിരിക്കയാണെന്നുള്ള വിശ്വാസം അവൎക്കുണ്ടെന്നുവേണം പറയാൻ. ഇവരെ ഒഴിച്ചാൽ രണ്ടു വിഭാഗം കൂടിയുണ്ടു ജനസാമാന്യത്തിനിടയിലെന്നു കണ്ണുള്ളവൎക്കു കാണാവുന്നതാണു്. യുദ്ധകാലത്തിന്നു മുമ്പുണ്ടായിരുന്നവരവിൽ ഗണ്യമായ വർദ്ധനവൊന്നുമുണ്ടായിട്ടില്ലാത്തവരാണതിലൊരു കൂട്ടർ. അന്നു് ൧൬ ണ. കിട്ടിയിരുന്ന അവരുടെ ഉറുപ്പികക്കു് ഇന്നു നാലണ മാത്രമാണു് വില. മറ്റൊരു മാതിരി പറഞ്ഞാൽ അന്നത്തെ ദിനചൎയ്യയിൽ നാലിലൊന്നുകൊണ്ടു് തൃപ്തിപ്പെടാനെ ആ വിഭാഗത്തിന്നിന്നു സാധിക്കൂ. അന്നുതന്നെയും പട്ടണികൂടാതെ കഴിയാവതല്ലാത്ത ഒരു നിലയിൽ നിന്നിരുന്നവരാണു മറ്റൊരു വിഭാഗക്കാർ. നെല്ലെടുപ്പും, വിലനിയന്ത്രണവും ഊൎജ്ജിതമായി നടത്തിയില്ലായിരുന്നെങ്കിൽ പട്ടണി കിടന്നു മരിക്കയല്ലാതെ ഗത്യന്തരമില്ലാതാകുമായിരുന്നു, ഈ ഒടുവിൽ പറഞ്ഞ രണ്ടു വിഭാഗങ്ങൾക്കും. ഇതുകൊണ്ടാണു്, സാധുക്കളെ ഉദ്ദേശിച്ചാണു് ഈ വകുപ്പു രൂപവല്ക്കരിച്ചിട്ടുള്ളതെന്നു് ഞാനനുമാനിക്കുന്നതു്. ഉദ്ദേശത്തിന്നനുസരിച്ചുള്ള ഫലം ഈ വകുപ്പുവഴി ഇന്നു സംസിദ്ധമാകുന്നുണ്ടോ? അരിയുടെ റേഷൻ തോതു്, അരി കൊടുക്കുന്ന ദിവസങ്ങളുടെ എണ്ണംകൂടി വർദ്ധിപ്പിച്ചിട്ടുള്ള കാലമാണിതു്. സാധാരണ നിലയിൽ സന്തോഷിക്കാവുന്ന ഒരു നിലതന്നെയാണിതു്. പക്ഷേ, റേഷൻ തോതു വർദ്ധിപ്പിക്കുന്നതിന്നു മുമ്പുള്ള വിഹിതം പോലും ക്ലേശംകൂടാതെ വാങ്ങിയനുഭവിക്കാൻ സ്വന്തം സാമ്പത്തിക നിലയനുവദിക്കാറില്ലാത്ത ഈ വിഭാഗത്തിനെ സന്തോഷിപ്പിക്കുവാനൊ സംതൃപ്തരാക്കുവാനൊ ഈ റേഷൻ വർദ്ധനവിന്നുണ്ടൊ കഴിയുന്നു! ഒരെഒരൊററ മാൎഗ്ഗമെ അതിന്നുള്ളു. അർദ്ധപട്ടണിക്കുള്ള ചീട്ടനുസരിച്ചു കിട്ടുമെന്നു പറയപ്പെടുന്ന അരി മുഴുവനും വാങ്ങുവാനിവൎക്കു തരമാകത്തക്കവണ്ണം അരിയുടെ വില കുറക്കലാണതു്. ഗവൎമ്മെണ്ടിന്നു സാദ്ധ്യമാണൊ ഇതെന്ന പ്രശ്നം നമ്മെ ഇതാ തുറിച്ചു നോക്കുന്നു. കൊച്ചിയിൽ നെല്ലിന്റെ വില പറക്കു ഒരുറുപ്പിക ആറണ മാത്രമാണെങ്കിലും അരിക്കു നാലോളം ഉറുപ്പിക വില വരുന്നതു് ഇറക്കുമതി ചെയ്യുന്ന അരിയുടെ വിലക്കൂടുതൽകൊണ്ടാണെന്നു പറയപ്പെടുന്നു. ഒരുവശത്തുകൂടെ നോക്കുമ്പോൾ സമ്മതം മൂളേണ്ടുന്ന ന്യായമാണിതെന്നു പറയേണ്ടിയിരിക്കും. മറ്റൊരു വഴിയിൽകൂടി വീക്ഷിച്ചു് അരിയുടെ വില ചുരുക്കുവാൻ സൌകൎയ്യമില്ലയൊ എന്നു നമുക്കു പരിശോധിക്കാം. ഗവർമ്മെണ്ടിന്റെ നെൽക്കച്ചവടം അമിതമായ ലാഭത്തിലാണു് കലാശിച്ചിട്ടുള്ളതെന്നു കണക്കുകൾ വിശദമാക്കുന്നു. ൧൧൧൫-ൽ രണ്ടുലക്ഷത്തിൽ ചില്വാനം ഉറുപ്പികയാണു് ഗവൎമ്മെണ്ടിന്നുണ്ടായിട്ടുള്ള ലാഭം. ഈ ഉറുപ്പിക മുഴുവനും ഈ സംരംഭത്തിൽ ഗവൎമ്മെണ്ടു് ചെയ്യുന്ന ദുർവ്യയവും, അരിവാങ്ങി ഉപജീവിക്കുന്ന ജനതയുടെ പണസഞ്ചിയിൽനിന്നാണു് പോകുന്നതു്. ദുർവ്യയം ഏതേതു മാൎഗ്ഗങ്ങളിൽകൂടി എത്രയുണ്ടെന്നു കൂടിയും ഏകദേശമായിട്ടെങ്കിലും എടുത്തുകാണിക്കാൻ ഞാനാഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നാല്പത്തിയഞ്ചുലക്ഷത്തിൽ ചില്ലാനം പറ നെല്ലാണ് കഴിഞ്ഞ കൊല്ലത്തിൽ മില്ലുകൾവഴി അരിയാക്കിയിട്ടുള്ളത്. ഈ നെല്ലിൽനിന്നും ഒമ്പതുലക്ഷത്തിൽ ചില്വാനം പറ തവിടുണ്ടായിട്ടുണ്ട്. ഇതത്രയും മില്ലുകാർക്ക് സൌജന്യമായി കൊടുക്കുകയാണിപ്പോൾ ചെയ്യുന്നത്. അതായതു ൨,൨൫,൧൨൭ ഉറുപ്പിക കുത്തുകൂലിക്കു പുറമെ കഴിഞ്ഞ കൊല്ലം മില്ലുകാർക്ക് സൌജന്യമായി കൊടുത്തിരിക്കുന്നു.

നെല്ലുകുത്തുവാനുള്ള കൂലി ൧ ൦ പറ നെല്ലിന്നു ൧൨ണ.യാണത്രെ. തവിടിന്റെ വില കൂടിയും കൂട്ടിയാൽ കുത്തുകൂലി ചാക്കിന്നു ൧¼ ഉറുപ്പികയാകും. എന്നുവെച്ചാൽ പറക്കു ൨ണ. വീതം വരുന്നു. വളരെ ചുരുങ്ങിയ നിരക്കിൽ നെല്ലു കുത്തികിട്ടിയിരുന്ന കാലം ഞാനോർക്കുന്നുണ്ട്. യുദ്ധകാലനിരക്കു ഒരണയിൽ കൂടുതലല്ലതന്നെ.

മിസ്റ്റർ എ. ഈച്ചരമേനോൻ: മുമ്പ് ഒരു കൂലിക്കാരന്നു രണ്ടുറുപ്പിക കൂലിയുണ്ടായിരുന്നുവോ?

മിസ്റ്റർ സി. കെ. നായർ: നെല്ല് കമാണ്ടിയർചെയ്തു തുടങ്ങുംവരേയും ഗവർമ്മെണ്ട് നെല്ല് കുത്തിച്ചുതുടങ്ങുംവരയും ൧ ൦ണ. യിൽ കൂടുതൽ കുത്തുകൂലി കൊടുത്തിരുന്നുവോ എന്ന് ബഹുമാനപ്പെട്ട മെമ്പർ അന്വേഷിച്ചാൽ മതി. ഇനി കച്ചവടദൃഷ്ടിവെച്ച് ഈ നെല്ല്കുത്തുകാര്യമൊന്നു പരിശോധിക്കാം. ഒരു ദിവസത്തിൽ വന്നുചേരുന്ന നെല്ല് കുത്തിക്കൊടുക്കുന്നതിന്നും മില്ലുകാർ സ്വയം ഒഴിവെടുക്കുന്ന സമയമൊഴിച്ച് മററവസരങ്ങളിലത്രയും പണിയെടുക്കാൻ വേണ്ടത്ര നെല്ല് മില്ലുകാർക്കു കിട്ടുന്നതിന്നും ഗണ്യമായ ഒരന്തരമുണ്ട്. ആദ്യത്തേതിൽ മില്ലിലെ പണി അനിശ്ചിതമാണ്. ദിവസത്തിലുണ്ടാകേണ്ടുന്ന ആദായം ഉണ്ടാകയും വേണം അപ്പോൾ കൂലി കൂട്ടുന്നതു സാധാരണമാണ്. രണ്ടാമത്തേതിൽ ജോലി നിശ്ചിതമാണ്. മൊത്തക്കച്ചവടക്കാർ ചില്ലറക്കച്ചവടക്കാരെ അപേക്ഷിച്ചു വില ചുരുക്കുന്ന രീതിയിൽ ഇവിടെ കുത്തുകൂലി കുറയേണ്ടതാണ്. ചാക്കിന്നു രണ്ടണ വീതം കുറച്ചാൽ ൫ ൩,൨൫ ൦ ഉറുപ്പിക ആ ഇനത്തിലും ലാഭമുണ്ടാകും.

മില്ലിൽ കുത്തിയ തവിടിൽ അരിയുണ്ടാകുകെന്നുള്ളത് അനുഭവസിദ്ധമാണ്. ഓരോ പറ തവിടിലും നാഴിയരിവീതമുണ്ടാകുമെന്നു പറയാവുന്നതാണ്.

മിസ്റ്റർ കുമാരനെഴുത്തശ്ശൻ: നാഴിയരിയെന്നതു വളരെ കുറഞ്ഞ കണക്കാണ്.

മിസ്റ്റർ സി. കെ. നായർ: നാഴിവീതം കണക്കാക്കിയാൽതന്നേയും ൩൩,൦ ൦ ൦ പറ അരിയാണ് ൻ ലക്ഷം പറ തവിടിലൂടെ ചോർന്നുപോകുന്നത്. അതായതു ൧,൩ ൪,൦ ൦ ൦ ഉറുപ്പിക തവിടിന്റെ വിലക്കു പുറമെ തവിടിലൂടേയും പോയിരിക്കുന്നു.

സിൻഡിൽനിന്നും ഇവിടെ ഇറക്കുമതി ചെയ്യുന്ന അരിയുടെ വില ചാക്കിന്നു ൪൨ ഉറുപ്പികയോളം വരുന്നുണ്ടെന്നു ഗവർമ്മെണ്ടൊരിക്കൽ പറഞ്ഞതായി ഞാനോർക്കുന്നു. ഈ തോതുവെച്ച് വില്ക്കുക പ്രയാസമാകയാൽ ശരാശരി തോതിട്ടു വില്ക്കാനുറച്ചതിന്റെ ഫലമാണ് ഇന്നത്തെ വില. ഇപ്പോഴാകട്ടെ സിൻഡരിയുടെ വില ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്നു കേൾക്കുന്നു. ഇതു് ശരിയാണെങ്കിൽ ആ വഴിക്കും കുറെ ഉറുപ്പിക ലാഭമുണ്ടാകുന്നുണ്ടായിരിക്കണം, സ്ഥിതിഗതികൾ ഇങ്ങിനെയെല്ലാമാണെങ്കിലും ൧ ൧ ൧൫-ൽ ഗവർമ്മെണ്ടിന്നുണ്ടായിട്ടുള്ള ലാഭം ൧ ൪,൦ ൦ ൦ ഉറുപ്പിക മാത്രമാണെന്നു ഗവർമ്മെണ്ടു പറയുന്നു. ലാഭമെന്ന നിലയിൽ കാണിച്ചിരുന്ന ൨,൩ൻ,൫ൻ ൩ ഉറുപ്പികയിൽ ഈ ൧൪,൦ ൦ ൦ക. കഴിച്ചുള്ളതത്രയും ഭക്ഷ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളമായി മാറുന്നു. ലാഭത്തിൽനിന്നും ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിന്നു വക നീക്കുന്നതാശാസ്യമല്ല. കൊച്ചിയിലെ ജനസാമാന്യത്തെ പട്ടിണിയിൽനിന്നും തൻമൂലമുള്ള ആൾമൃത്യുവിൽനിന്നും രക്ഷിക്കാനുള്ള സംരംഭമാണെല്ലൊ ഭക്ഷ്യവകുപ്പു രൂപവൽകരണത്തിന്റെ ഉദ്ദേശം. ഭരണീയരുടെ സുഖസൌകര്യങ്ങൾക്കും ശരീര ധനസംരക്ഷണത്തിന്നുമായി ഏർപ്പെടുത്തിയിട്ടുള്ള ഇതര വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർക്കെന്നപോലെ ജനതയുടെ ജീവനെ രക്ഷിക്കുന്ന ഈ വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കും പൊതുഭണ്ഡാഗാരത്തിൽനിന്നുതന്നെവേണം ശമ്പളം കൊടുക്കാൻ. ഇങ്ങിനെ കച്ചവടലാഭം ദുർവ്യയം ചെയ്യുന്ന സംഖ്യ എന്നിവയൊന്നിച്ചെടുത്തു അരിയുടെ ഇന്നത്തെ വിലക്കുറവിന്നനുസിരിച്ചു വില ചുരുക്കിയാൽ സാധുക്കൾക്കതൊരു രക്ഷയാകുന്നതാണ്. ഈ വഴിയിൽ പ്രവൃത്തിച്ച് സാമ്പത്തിക കുഴപ്പത്തിലാണ്ടുകിടക്കുന്ന സാധാരണ ജനങ്ങളെ രക്ഷിക്കാൻ ഗവർമ്മെണ്ടിനോടഭ്യർത്ഥിച്ചുകൊള്ളുന്നു.

ഭക്ഷ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാരെക്കുറിച്ചാണെനിക്കിന്നി കുറച്ചൊന്നു പറയുവാനുള്ളത്. വകുപ്പദ്ധ്യക്ഷന്റെ ഉദ്ദേശശുദ്ധിയേയും ആത്മാർത്ഥതയേയും ഞാൻ വകവെച്ചുകൊ

LIBRARY ARCHIVES Kerala Legislative Assembly

ടുക്കുന്നു. ഭക്ഷ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാരത്രയും തന്നേപ്പോലുള്ളവരാണെന്നു വകുപ്പദ്ധ്യക്ഷൻ വിശ്വസിച്ചുപോകരുതു്. ജനദ്രോഹം ചെയ്യുന്നതിന്നു വേണ്ടിയാണു് പൊതുജനങ്ങളുടെ പ്രയത്നഫലത്തിൽനിന്നും തങ്ങൾ ശമ്പളം വാങ്ങുന്നതെന്നു വിശ്വസിക്കുന്നവരല്ലെ അവരിലൊരുവിഭാഗമെന്നു സംശയിക്കാവുന്ന രീതിയിലായിരിക്കുന്നു അവരുടെ പ്രവൃത്തികൾ. അതിന്നു ഒരെ ഒരു ഉദാഹരണം പറയാം. ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പറുടെ പ്രസംഗത്തിൽ ഇന്നലെ സൂചിപ്പിച്ച ഒരു സംഗതിയെ വ്യക്തമാക്കാൻവേണ്ടി മാത്രമാണു് ഞാനിതിന്നിപ്പോൾ തുനിയുന്നതു്.

കന്നി ൧-ാംനു മുതല്ക്കുള്ളാനുള്ള നെല്ലാണു് നിലമുടമസ്ഥന്മാർക്കുനുവദിക്കാറെന്നു് ഇന്നു കാലത്തു ഗവമ്മെണ്ടു് പറയുകണ്ടായി. തലപ്പിള്ളിതാലൂക്കിൽ താമസക്കാരായ ഒരു വീട്ടുകാർക്കു് നിലം മുഴവനും തൃശ്ശിവപേരൂർ താലൂക്കിലാണു്. സർക്കാരിലേക്കു കൊടുക്കാവുന്നിടത്തോളം നെല്ലു് അവർ കൊടുത്തുകഴിഞ്ഞു. ബാക്കി നെല്ലു് വീട്ടിലേക്കു കടത്തുവാൻ കന്നി ൪-ാംനു പെർമിററിന്നുമപേക്ഷിച്ചു. മറെറാരു താവഴിക്കാരുടെ നെല്ലെടുത്തു ഇവർ ചിലവുകഴിച്ചും തുടങ്ങി. കന്നിമാസം ൨ ൪-ാംനു-വരെ കാത്തിരുന്നിട്ടും പെർമിററു കിട്ടായ്കയാലും ഉണ്ണാൻ വേറെ നെല്ലില്ലായ്കയാലും അവർ പട്ടിണിയുടെ വക്കത്തെത്തിക്കഴിഞ്ഞു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: അങ്ങിനെ വല്ലവരും പട്ടിണി കിടന്നിട്ടുണ്ടോ?

മിസ്റ്റർ സി. കെ. നായർ: ഇല്ലായ്കയില്ല. ഇവരാകട്ടെ, അവിടെ കിടപ്പുള്ള നെല്ലിൽ കുറച്ചുമാത്രം, ഉദ്യോഗസ്ഥന്മാരുടെ മനുഷ്യത്വത്തിൽ വിശ്വസിച്ചുംകൊണ്ടു്, വീട്ടിലേക്കു കൊണ്ടുവന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബലമായിട്ടാണോ?

മിസ്റ്റർ സി. കെ. നായർ: അല്ലാ. പെർമിററില്ലാതെ; പക്ഷേ ഉള്ളനെല്ലു് മുഴവനും കൊണ്ടുവന്നിട്ടില്ല. ഗവർമ്മെണ്ടു് സാധാരണയായി അനുവദിച്ചുകൊടുക്കാറുള്ള നെല്ലുപോലും കൊണ്ടുവന്നിട്ടില്ല. പട്ടിണിയിൽനിന്നും തല്ക്കാലം രക്ഷനേടുവാനുള്ളതുമാത്രം. കൊലക്കുററം ചെയ്യുന്നതു്.....

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ആത്മരക്ഷക്കാണു്.

മിസ്റ്റർ സി. കെ. നായർ: ആത്മരക്ഷക്കാണെങ്കിൽ അയാൾ കുററക്കാരനല്ല. ഇവിടെ പട്ടിണികിടന്നു ചാവാതിരിക്കാൻ ഈയാൾ യിയമം ലംഘിച്ചു എന്നുള്ളതു പരമാർത്ഥമാണു്. ജനങ്ങളെ പട്ടിണിക്കിടാനല്ല അവക്കു ഭക്ഷണം കൊടുക്കാനാണു് ഈവകുപ്പു രൂപവൽകരിച്ചിട്ടുള്ളതെങ്കിൽ ഈ നിയമലംഘനം ശിക്ഷാർഹമായ ഒരു കുററമാകയില്ല. എന്നിട്ടും ഒരു പ്രോസിക്യൂഷൻ നടപടി നിലവിലുണ്ടെന്നു കേൾക്കുന്നു. കണക്കയച്ചതും, പെർമിററിന്നപേക്ഷിച്ചതും, നെല്ലുകൊണ്ടുവന്നതുമെല്ലാം ഈ വീട്ടിലെ പ്രായപൂർത്തിവന്ന ഒരു പുരുഷനാണു്. എങ്കിലും പ്രോസിക്യൂഷൻ നടപടികൾ അയാളുടെ വൃദ്ധയായ മാതാവിന്റെ പേരിലാണെന്നു പറയപ്പെടുന്നു. ഒരു ഗ്രെയിൻ പർച്ചെയിസിങ്ങു് ആഫീസ്സർ ആരുടെയൊ ഒരു സ്ഥലം മുദ്രവെച്ചു് തന്റെ അനുവാദം കൂടാതെ അതുപൊട്ടിക്കരുതെന്നു പെർമിററിന്നപേക്ഷിച്ചു ആളുടെ മാതാവിനെ രേഖാമൂലം അറിയിച്ചിരിക്കുന്നു. മര്യാദകുടുംബങ്ങളിലെ സ്ത്രീകളെ കോടതി കേററമെന്നു ഭയപ്പെടുത്തലായിട്ടാണൊ ഇതിനെ പരിഗണിക്കേണ്ടതു്. ഈ വീട്ടുകാരുടെതാണു സ്ഥലമെന്നിരുന്നാൽ തന്നെയും ഈ സ്ത്രീയുടെ പേരെവിടെനിന്നാണു് ഈ ഉദ്യോഗസ്ഥന്നു കിട്ടിയതാവൊ?

Panel Chairman:

മിസ്റ്റർ സി. കെ. നായർ: അരിയുടെ വിലകുറച്ചും ഉദ്യോഗസ്ഥന്മാരുടെ ദ്രോഹശക്തിയെ ഇല്ലായ്മചെയ്തും സാധുക്കളെ സംരക്ഷിക്കാൻ ഭക്ഷ്യവകുപ്പദ്ധ്യക്ഷന്നു സാധിക്കുമെന്നാണെന്റെ വിശ്വാസം. ആവഴിയിൽക്കൂടി ഒരു പരിശ്രമം നടത്തണമെന്നു അദ്ദേഹത്തോടു പ്രാർത്ഥിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ടു്, സർ, ഈ വിഷയത്തിൽ കുറെ നിർദ്ദേശങ്ങൾ നൽകുവാൻ ഞാൻ വിചാരിക്കുന്നു. റേഷൻകാർഡു കൊടുക്കുവാൻ തുടങ്ങിയതു കുറെ മുമ്പാണു്. അതു കിട്ടാത്തവരായി പലരും ഉണ്ടു്. ബ്രിട്ടീഷിലും മററു പോയിരുന്നവരിൽ പലരും ഇവിടെ മടങ്ങിവന്നിട്ടുണ്ടു്. അവക്കു റേഷൻകാർഡില്ല. ഇവിടെ വന്നപ്പോൾ അവക്കു റേഷൻകർഡിന്റെ ആവശ്യമുണ്ടായി. അവർ ചോദിച്ചിട്ടു കാർഡു കൊടുത്തിട്ടുമില്ല. മുമ്പെടുത്തിട്ടുള്ള കണക്കുപ്രകാരമല്ലാത്തവർക്കാക്കും റേഷൻകാർഡു കൊടുത്തിട്ടില്ല. ആ നിലയിൽ അവർ വളരെ കഷ്ടപ്പെട്ടു റേഷൻകാർഡുകൂടാതെ കിട്ടുന്ന ഗോതമ്പും മററു സാധനങ്ങളും ബ്ലാക്കു മാർക്കററിൽനിന്നു വാങ്ങിത്തുടങ്ങി. ഇങ്ങിനെയുള്ള ഡി

LIBRARY ARCHIVES Kerala Legislative Assembly

പ്പാർട്ടുമെണ്ടിൻെറ ഉദാസീനതകൊണ്ടു് അവർ ബ്ലേക്കുമാർക്കററിനെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തിട്ടുള്ളതെന്നാണു ഞാൻ പറഞ്ഞതു്. അതുകൊണ്ടു് റേഷൻകാർഡില്ലാത്തവർ അപേക്ഷിച്ചാൽ അവക്കു പുതിയ കാർഡു കൊടുക്കണം. ഇതാണ് ഒന്നാമതായി എനിക്കു പറയുവാനുള്ളതു്.

രണ്ടാമതായി കൊയ്ത്തിനുമുമ്പ് കൃഷിയെസംബന്ധിച്ചു യാതൊരു വിവരവുമില്ലാത്ത ഈ ഡിപ്പാർട്ടുമെണ്ടിലെ ചില ഉദ്യോഗസ്ഥന്മാർ പാടത്തുചെന്നുനോക്കി ഈ നിലത്തിൽ ൨ ൦ മേനി വിളവുണ്ടു്, അതിൽ ഇത്ര നെല്ല് ഗവർമെണ്ടിലേക്കു കൊടുക്കണം എന്നു നിലമുടമസ്ഥന്മാരിൽനിന്നു കച്ചീട്ടെഴുതിച്ചു ഒപ്പിടുവിച്ചു വാങ്ങും. അങ്ങിനെ ചെയ്തില്ലെങ്കിൽ കൊയ്യുവാൻ പാടില്ലെന്നാണ് അവരുടെ നിർബന്ധം. ഇങ്ങിനെയുള്ള കാര്യങ്ങളിൽ ഒരുവിധം കോമൺസെൻസ് ഉപയോഗിക്കണമെന്നാണ് ഞാൻ പറയുന്നതു്. അതില്ലാത്തതുകൊണ്ടു പല ദുഷ്യങ്ങളും ഉണ്ടു്. നെല്ല് എന്നുപറഞ്ഞാൽ അതു് എങ്ങിനെ ഉണ്ടാകുന്നു; എങ്ങിനെ അരിയാകുന്നുവെന്നുപോലും അറിയാത്ത, അരിയായിട്ടുമാത്രം വാങ്ങി ഊണുകഴിക്കുന്ന ചില ഉദ്യോഗസ്ഥന്മാരാണ് ഇത്ര മേനി വിളവുണ്ടെന്നു തീരുമാനിക്കുന്നതു്. കൂടാതെ ഒരു വീട്ടിൽചെന്നാൽ അവിടെ ഇത്രപറ നെല്ല് കിടക്കുന്നുണ്ടെന്നു നോക്കുവാനുള്ള ക്ഷമപോലും അവർക്കില്ല. ഇതിനൊക്കെ ഒരു നിവാരണമുണ്ടാക്കണം. റേഷൻകാർഡുപ്രകാരം കൊടുക്കുന്നതു കഴിയുന്നിടത്തോളം നെല്ലായിട്ടുതന്നെ കൊടുക്കണമെന്നു് ഇവിടെ പല പ്രാവശ്യവും ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. കൂടാതെ അരിയുടെ വിലയും കുറെ കുറക്കണം. ഗവമ്മെണ്ടിനു് ഇതിൽനിന്നു വലിയ ആദായം കിട്ടുന്നുണ്ടെന്നു ഇതിനുമുമ്പു ചില കണക്കുകൾകൊണ്ടു് ഈ സഭയെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടു്. തവിടോടുകൂടിയുള്ള അരി എടുക്കാതെതന്നെ ൧ ൦ ൦ പറക്കു് ൫ന്നു-ൽ ചിലപ്പോൾ പറ അരികിട്ടുന്നുണ്ടെന്നു ഗവമ്മെണ്ടു ഇവിടെ പറഞ്ഞിട്ടുണ്ടു്. തവിടിൽപോകുന്ന അരികൂടി കൂട്ടിയാൽ ൩ ൦ പറയോളമാകും. അപ്പോൾ ഒരുപറ നെല്ലിനു് ആറിടങ്ങഴി അരിയായി. ഒരുപറ നെല്ലിനു് ൧ക. ൩ ണ.യാണ് വാങ്ങുന്നവില. ഇടങ്ങഴിക്കു് അഞ്ചണ വീതം വെച്ചാലും ൩ ഇടങ്ങഴി അരിക്കു് ൧ക. ൧൪ ണ. വിലവരും. അതുകൊണ്ടു് അരിയുടെ വില അഞ്ചണയായി കുറച്ചാൽ ഗവർമെണ്ടിനു നഷ്ടമൊന്നും വരുവാനില്ല. മുമ്പിലത്തെപ്പോലെ ഇപ്പോൾ കൂലിക്കാരെ കിട്ടുന്നില്ല. ഒന്നരഉറുപ്പികയും ഭക്ഷണവും തരാതെ ഞങ്ങൾ വരുകയില്ലെന്നു അവർ ശഠിക്കുന്നുണ്ടു്. അരിയുടെ വിലകൂടുതലാണ് അവർ അതിനു കാരണമായി പറയുന്നതു്. അരിയുടെ വില കുറക്കുകയാണെങ്കിൽ കൂലിയും കുറയും. അതുകൊണ്ടു ഗവർമെണ്ടിനു നഷ്ടവുമില്ല. ഗവമ്മെണ്ടു കച്ചവടംചെയ്തു ലാഭമെടുത്തു തുടങ്ങിയതു അടുത്തകാലത്തല്ലേ? ഇംഗ്ലീഷുകാരും നമ്മുടെനാട്ടിൽ ആദ്യം വന്നതു കച്ചവടത്തിന്നാണ്. എന്നിട്ടു ക്രമേണ രാജ്യംമുഴുവനും അവരുടെ കയ്യിലായി അതുപോലെ ജനങ്ങളുടെ ക്ഷേമത്തിനെന്നു പറഞ്ഞു് ഇവിടെയുള്ള കച്ചവടംമുഴുവൻ ഗവമ്മെണ്ടിൻെറ കയ്യിലായി. എസ്റ്റാബ്ളിഷമെൻറ് ചിലവുകഴിച്ചു് ൧൧൧൨-ൽ ഗവമ്മെണ്ടിനു പതിന്നാലായിരം ഉറുപ്പികയോളം ലാഭമുള്ള സ്ഥിതിക്കു് ൧൧൧൩-ലെ ആഡിററു കഴിയുമ്പോൾ വലിയൊരുലാഭം ഗവർമെണ്ടിനു് ഉണ്ടാകാതിരിക്കുകയില്ല. ഇങ്ങിനെ വലിയ ലാഭമെടുക്കുവാൻ ഗവർമെണ്ടു നോക്കരുതു്.

മിസ്റ്റർ പോപ്പട്ടലാൽ ഗോവർദ്ധനലാലൻ: ചെറിയ ലാഭമായാലോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബങ്കാൾ ഗവർമെണ്ടു ചെയ്തതു കണ്ടില്ലേ? അവിടത്തെ ഉദ്യോഗസ്ഥന്മാർക്കു മാത്രമായി റേഷൻപദ്ധതിയിൽ ഒരു കോടി എഴുപത്തിരണ്ടുലക്ഷം ഉറുപ്പികവരെ ഗവർമെണ്ടു നഷ്ടപ്പെട്ടിട്ടുണ്ടു്. അങ്ങിനെയുള്ള വല്ലതും നമ്മുടെ ഗവർമെണ്ടും ചെയ്യണം. ഏതെങ്കിലുംവിധത്തിൽ സാധുക്കളുടെയിടയിൽനിന്നു ഞെക്കിപ്പിഴിയുന്ന ഏർപ്പാടു നിറുത്തണം. നല്ലൊരു സൽപ്പേരോടുകൂടിയ കൊച്ചി ഗവർമെണ്ടിനെ കളങ്കപങ്കിലമാക്കുന്നതു് ഇത്തരം ഉദ്യോഗസ്ഥന്മാണ്. അതുകൊണ്ടു് അവരുടെ ഉപദ്രവം സാധുക്കളുടെയിടയിൽ കുറെ കുറക്കണം.

കൊള്ളിയെപ്പററി പറയുകയാണെങ്കിൽ അതിവിടെ ഇപ്പോൾ വലിയ ചിലവില്ല. കൊള്ളികൃഷി എല്ലായിടത്തും ധാരാളമായി വർദ്ധിച്ചിട്ടുള്ളതാണ് അതിനു കാരണം. ഇതിനുംപുറമെ ആദ്യം ചിലർക്കു ഗോതമ്പു കൊടുത്തുതുടങ്ങിയപ്പോൾതന്നെ അതു അത്ര പഥ്യമില്ലാതെയിരുന്നു. ഇപ്പോൾ ഗോതമ്പു പലരും നെല്ലുപോലെതന്നെ പുഴുങ്ങി കുത്തി നമ്മുടെ റേഷൻ അരിയേക്കാളും നല്ല അരിപോലെയാക്കി ഉപയോഗിച്ചുവരുന്നുണ്ടു്. അതുകൊണ്ടു് കൊള്ളിക്കു് ഇപ്പോൾ ഒരു ചിലവുമില്ല. എന്നാൽ ദുർല്ലഭം ചിലർക്കു് അതു സ്റ്റാർച്ചു് ആക്കുവാനുള്ള അനുവാദം കൊടുത്തിട്ടുണ്ടു്. അതുപോരാ. എല്ലാ കൊള്ളികൃഷിക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ക്കം അതിന്ന് അനുവാദം കൊടുക്കണം. അല്ലെങ്കിൽ ഗവമ്മെണ്ടു നേരിട്ടു കൊള്ളി മുഴവൻ വാങ്ങി സ്റ്റാർച്ചാക്കുകയോ മറേറാ ചെയ്യണം. ഇപ്പോൾ അവരെ സഹായിച്ചില്ലെങ്കിൽ അടുത്തകൊല്ലം കൊള്ളികൃഷിതന്നെ ഉണ്ടാകുമോ എന്നു സംശയമാണ്.

ഇനി എനിക്കു പറയുവാനുള്ളതു് നമ്മുടെ രാജ്യത്തുള്ള വലിയ ഗോഡൌൺസെല്ലാം ഇൻഷ്വുവർ ചെയ്യേണ്ടതിനെപ്പററിയാണ്. വല്ല അബദ്ധവും വന്നാൽ ഇൻഷ്വുവർ ചെയ്തിട്ടില്ലെങ്കിൽ വലിയ നഷ്ടത്തിനിടയുണ്ട്. ഇപ്പോൾ മാർക്കററിംഗ് സൊസൈററി, തൃശ്ശിവപേരൂർ പൌവ്വർ ഹൌസ് ഇവയെല്ലാം ഇൻഷുവർ ചെയ്തിട്ടുണ്ട്. മട്ടാഞ്ചേരിയിലുള്ള ഗവമ്മെണ്ടുവക ഗോഡൌണുകളും അതുപോലെ ഇൻഷുവർചെയ്യണം.

പിന്നെ സപ്ലൈ ഡിപ്പാർട്ടുമെണ്ടിൽ ഒരു ഫുഡ് ഇൻസ്പെക്ടരെ നിയമിക്കേണ്ട ആവശ്യകതയെപ്പററിയാണ് പ്രധാനമായി എനിക്കു പറയുവാനുള്ളതു്. ബ്രിട്ടീഷിലെല്ലാം ഇപ്പോൾതന്നെ നിയമിച്ചുകഴിഞ്ഞിട്ടുണ്ട്. അവിടെ ചെയ്തതുകൊണ്ടു് ഇവിടെ ചെയ്യണമെന്നല്ല ഞാൻ പറയുന്നതു്. ഇവിടെയാണ് ആദ്യമായി ചെയ്യേണ്ടതു്. അതുകൊണ്ടു് നമ്മുടെ ഗോഡൌൺസ്, ഫെയർ പ്രൈസ് ഷാപ്പുകൾ മുതലായ സ്ഥലങ്ങൾ ഒക്കെ പരിശോധന നടത്തുന്നതിന്ന് ഓരോ താലൂക്കിലും ഓരോ ഫുഡ് ഇൻസ്പെക്ടരെ നിയമിക്കണം.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ: അതു് എന്തു പരിശോധിക്കുവാനാണ്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഭക്ഷണസാധനങ്ങളിൽ വല്ല ദോഷങ്ങളും നേരിട്ടുണ്ടോ എന്നു നോക്കാനായിട്ടു്. അതിനു സാനിട്ടറി ഇൻസ്പെക്ടർമാരാണ് വേണ്ടതു്. അല്ലാതെ ഡോക്ടർമാരല്ല. അതായതു നമ്മുടെ പബ്ളിക്കുഹെൽത്തു ഡിപ്പാർട്ടുമെണ്ടിൽ വളരെയധികം പരിചയമുള്ള സാനിട്ടറി ഇൻസ്പെക്ടർമാരെ ഓരോ താലൂക്കുകളിൽ നിയമിക്കുന്നതു വളരെ നന്നായിരിക്കും. പുതിയ ആളുകളെ വെച്ചാൽ ശരിയായിരിക്കുകയില്ല. കുറെ എക്സ്പീരിയൻസ് ഉള്ളവരായിരിക്കണം അവർ. ഈ കാര്യത്തിൽ ഗവമ്മെണ്ടു പ്രത്യേകം ശ്രദ്ധവെക്കണം.

ഇനി മറെറാരു സംഗതി കൊള്ളികൃഷി കാട്ടുപ്രദേശങ്ങളിൽ ചെയ്തിട്ടുള്ളസ്ഥലങ്ങളിൽ നിന്നു കൊള്ളിക്കിഴങ്ങുകൊണ്ടുവരണമെങ്കിൽ അതിനു കൺസർവേററരുടെ പെർമിററു വേണം. കൊള്ളിക്കിഴങ്ങും മരമാണെന്നു വിചാരിച്ചാണ് ഫാറസ്ററു ഡിപ്പാർട്ടുമെണ്ടുകാർ തടയുന്നതു്. കൊള്ളിക്കിഴങ്ങും മരവും തമ്മിലുള്ള വ്യത്യാസം ഇതേവരെ അവക്കു മനസ്സിലായിട്ടില്ല. അങ്ങിനെ തടയുന്നതുകൊണ്ടു് ഒന്നു രണ്ടു ദിവസം കഴിഞ്ഞാൽ ആ കിഴങ്ങു മുഴവൻ ചീഞ്ഞുപോകാനിടയുണ്ട്. അതുകൊണ്ടു കൊള്ളിക്കിഴങ്ങു കൊണ്ടുവരുന്ന കാര്യത്തിൽ ഇങ്ങിനെയുള്ള ദോഷങ്ങൾ വരാതിരിക്കുവാൻവേണ്ടി കൺസർവേററർ അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെണ്ടിലെ ജോലിക്കാരെ മരം ഏതാണ്, കൊള്ളിക്കിഴങ്ങു് ഏതാണ് എന്നു പ്രത്യേകം മനസ്സിലാക്കിയാൽ കൊള്ളാം. ഇതു മാസം പത്തു തികഞ്ഞു പ്രസവിക്കുവാൻപോകുന്ന ഒരു സ്ത്രീക്കു പ്രസവിക്കണമെങ്കിൽ സിവിൽ സർജന്റെ സർട്ടിഫിക്കററു വേണമെന്നു പറയുന്നതുപോലെയാണിരിക്കുന്നതു്. ഈവക കാര്യങ്ങളിൽ ഗവമ്മെണ്ടിൽനിന്നും പ്രത്യേം ശ്രദ്ധവെച്ചാൽകൊള്ളാമെന്നുമാത്രമാണ് എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: ഫുഡ്സ് ഡിപ്പാർട്ടുമെണ്ടിനെപ്പററിയുള്ള പല വിമർശനങ്ങളും ഇവിടെ കഴിഞ്ഞിട്ടുണ്ടെങ്കിലും ഒരു സംഗതി ഇവിടെ ആരും പറഞ്ഞു കേട്ടില്ല. ഈ ഡിപ്പാർട്ടുമെണ്ടു തുടങ്ങിയതിനുശേഷം നമ്മുടെ രാജ്യത്തു കന്നുകാലികളുടെ ദുർഭിക്ഷം വർദ്ധിക്കുകയും തൻമൂലം കൃഷിക്കാരെല്ലാം കന്നുകാലികളായും, ഫുഡ്സ് ഡിപ്പാർട്ടുമെണ്ടു മേച്ചിൽകാരായും മാറിട്ടുണ്ടെന്നാണ് എന്റെ ബോദ്ധ്യം. ഈ നിലയൊന്നു മാററി കൃഷിക്കാരൊക്കെ മനുഷ്യരാണെന്നുള്ള തരത്തിൽ ആക്കിത്തീർത്താൽ കൊള്ളാമെന്നു് ഇവിടെ എനിക്കു പറയാതിരിക്കുവാൻ യാതൊരു നിവൃത്തിയുമില്ല. കൃഷിക്കാരെ കന്നുകാലികളാക്കി അവരുടെ കഴുത്തിൽ നുകവുംകൂടി വെക്കുവാനാണ് ഈ ഡിപ്പാർട്ടുമെണ്ടാകുന്ന മേച്ചിൽക്കാർ ശ്രമിക്കുന്നതു്. ഡിപ്പാർട്ടുമെണ്ടിലെ സകല ആജ്ഞകൾക്കും വഴിപ്പെട്ടു കൃഷിക്കാർ നടന്നുകൊള്ളണം. ഇതിനേക്കാൾ ഭേദമാണു അവക്കു വധശിക്ഷതന്നെ വിധിക്കുകയാണെങ്കിൽ, അതിൽ ഞങ്ങൾക്കു സങ്കടം തോന്നുകയില്ല. ഇപ്പോൾ യാതൊരു വിവരവും ഇല്ലാത്ത വില്ലേജുദ്യോഗസ്ഥന്മാരുടേയും മാസപ്പടിമാരുടേയും വരുതികൾ ഞങ്ങൾ അനുസരിച്ചുകൊള്ളണം, ഇതു വളരെ സങ്കടമായിട്ടുള്ള ഒരു അവസ്ഥയാണ്. വേണമെങ്കിൽ കൃഷി മുഴവനും തന്നെ ഞങ്ങൾ സർക്കാരിലേക്കു വിട്ടുതരാം, ഞങ്ങൾക്കു ജീവിക്കുവാനുള്ളതു മാത്രം ഇങ്ങോട്ടു കിട്ടിയാൽ മതി. ഇതു ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതുമാണ്. എന്നിട്ടുംകൂടി മന

LIBRARY ARCHIVES Kerala Legislative Assembly

ന്സ്സിലാക്കുവാനുള്ള സന്മനസ്സ് ഗവമ്മെണ്ടിനുണ്ടായിട്ടില്ലാത്തതിൽ അത്ഭുതപ്പെടുവാനെ തരമുള്ളു. ഇപ്പോഴത്തെ പരിതസ്ഥിതികൾക്കു ഒരുവിധത്തിലും ആവശ്യമില്ലാത്തതായ നടപടികളാണ് അധികവും കണ്ടുവരുന്നതു്. എത്രയും വലുതായ ഭക്ഷണത്തിന്റെ കാര്യത്തിൽ ഇങ്ങിനെയുള്ള ഒരു വിഷമം നേരിടുവാൻ കാരണം നെല്ലിന്റെ ഇപ്പോഴത്തെ വിലകൂടുതലാണ്. സാധാരണകാലങ്ങളിലെപ്പോലെ ആറോ എട്ടോ പത്തോ അണക്കു് നെല്ല് കിട്ടിയിരുന്നുവെങ്കിൽ തരക്കേടില്ലായിരുന്നു. ഇപ്പോൾ നെല്ലിനു മാത്രമല്ല, മററു പല സാധനങ്ങൾക്കും വില വളരെ വർദ്ധിച്ചിട്ടുണ്ട്. നെല്ലിനു വില മുമ്പിലത്തെ നിലയിൽനിന്നു് കുറയുകയാണെന്നുണ്ടെങ്കിൽ ഇപ്പോൾ കൊടുത്തുവരുന്ന ഡിയർനസ് അലവൻസോ മററു സൌജന്യങ്ങളോ ഒന്നുംതന്നെ ആർക്കും കൊടുക്കേണ്ടിവരുന്നതല്ല. ഇന്നലെ ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പർമാർ പറയുകയുണ്ടായി, നെല്ല കൊടുത്താൽ നമ്മുടെ രാജ്യത്തുള്ള ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടാണ്; അതുകൊണ്ടു് അരിതന്നെ കൊടുക്കണം; അതും പുഴക്കലരിതന്നെ വേണം കൊടുക്കുവാൻ എന്നു്. എന്റെ അഭിപ്രായം പറയുകയാണെങ്കിൽ ഇപ്പോൾ അരിയായിട്ടു കൊടുത്തുവരുന്നതു് അതിലെ പുഴവും കല്ലും നെല്ലും ഒക്കെ കളഞ്ഞു് ബാക്കിയുണ്ടോ എന്നു നോക്കിയാൽ നല്ല അരി വളരെ കുറവായിരിക്കും. നെല്ല കൊടുത്താൽ എന്തു ബുദ്ധിമുട്ടാണ് ജനങ്ങൾക്കെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഈ കൊച്ചിരാജ്യത്തു പത്തുമുപ്പതു കൊല്ലങ്ങൾക്കുമുമ്പ് നെല്ല കുത്തുവാനായിട്ടുള്ള മില്ലുകളോ മററു യന്ത്രങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല. അക്കാലത്തും ഇവിടെയുള്ള ആളുകൾ അതു കുത്തി അരിയാക്കി നല്ല അരിതന്നെയാണ് ഉപയോഗിച്ചിരുന്നതു്. ൪ ൫ വയസ്സോളമായിട്ടുള്ള ഞാൻതന്നെയും ഇന്നേവരെ നെല്ല കുത്തുവാനായിട്ടു് നാട്ടിലുള്ള മില്ലുകളുടെ സഹായം ആവശ്യപ്പെട്ടിട്ടില്ല. കൈകൊണ്ടു കുത്തി അരിയാക്കിയാണ് ഇന്നും ആ നാട്ടിലുള്ള മിക്കവരും ഭക്ഷണം കഴിച്ചുവരുന്നതു്. അരിക്കു പകരം നെല്ല കൊടുക്കണമെന്നു ചില മെമ്പർമാർ പറയുകയുണ്ടായി. അങ്ങിനെ ചെയ്താൽ വലിയ അബദ്ധമൊന്നും വരുവാനില്ല. അരിതന്നെ കിട്ടണമെന്നു നിർബ്ബന്ധമുള്ളവർക്കു് അരിയും ബാക്കിയുള്ളവർക്കു് നെല്ലും കൊടുക്കുക; അപ്പോൾ ഈ വൈഷമ്യം തീർന്നു.

പിന്നെ ആറുപറ നെല്ല് കുത്തിയാൽ ൫ൻ പറ അരി കിട്ടും എന്നും മററും ചിലർ പറഞ്ഞുകേട്ടു. അതു ശരിയാണെന്നു വിശ്വാസം എനിക്കില്ല.

നെല്ല് കൊടുക്കുവാൻ സാധിക്കുന്ന സ്ഥലങ്ങളിൽ അതാതു വില്ലേജുകളിൽ ഉള്ള നെല്ല് അവിടെയുള്ളവർക്കു കൊടുക്കുക എന്നു വെക്കുകയാണെങ്കിൽ ട്രാൻസ്പോർട്ട് ചാർജസും മററും വളരെ കുറയും. അരിയായിട്ടു കൊടുക്കുന്നവർക്കു കഴിയുന്നതും നല്ല അരിയായിട്ടു കൊടുക്കുകയും വേണ്ടതാണ്.

ഇപ്പോൾ കൃഷിയാവശ്യത്തിനുവരുന്ന ചിലവുകളൊക്കെ വളരെ വർദ്ധിച്ചിട്ടുണ്ട്. അതൊക്കെ കൃഷിക്കാർ തന്നത്താൻ സഹിക്കണമെന്നുള്ള നിലയിലാണ് വന്നിരിക്കുന്നതു്. കന്നുകാലികൾ വാങ്ങാൻപോയാൽ അവർ പറയുന്ന വില കൊടുക്കണം. ഇല്ലെങ്കിൽ സാധനം കിട്ടുകയില്ല. അതിനൊന്നും യാതൊരു നിയന്ത്രണവും ഇന്നില്ല. ഏതെങ്കിലും ഒരു നിയന്ത്രണസമ്പ്രദായം തുടങ്ങിയാൽ അതു ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ഒരിക്കലും ശരിയാകുവാൻ പ്രയാസമാണ്. ഇപ്പോൾ ഗവർമ്മെണ്ടു നിയന്ത്രിച്ചിട്ടുള്ള സാധനങ്ങൾ ഏതെല്ലാമുണ്ടോ അതെല്ലാം ആവശ്യപ്പെട്ടുപോകുകയാണെങ്കിൽ കിട്ടാൻതന്നെ ഞെരുക്കമായിട്ടുണ്ട്. വില നിയന്ത്രണമാണ് അതിനു കാരണം. വില നിയന്ത്രിച്ചപ്പോൾ സാധങ്ങൾതന്നെ എങ്ങും കിട്ടാതെയായി. മനുഷ്യർക്കു ഉപയോഗപ്രദമായ ചില കാര്യങ്ങൾപോലെ വളരെ ഉപദ്രവത്തിനിടയാക്കുന്ന പല സംഗതികളുമുണ്ട്. അതായിരുന്നു പ്രധാനമായി ഗവമ്മെണ്ടു നിയന്ത്രിക്കേണ്ടിയിരുന്നതു്. ഇന്നു പട്ടണങ്ങളിൽ പലഭാഗത്തുമുള്ള കാനകളിൽ എത്രത്തോളം മലിനസാധനങ്ങളും ചീഞ്ഞ ദുഷിച്ച സാധനങ്ങളും കാണപ്പെടുന്നു. ഇതെല്ലാം പൊതുജനങ്ങളുടെ ഹെൽത്തിനു വളരെ ദോഷത്തെയല്ലെ ഉണ്ടാക്കുന്നതു്? ഇതായിരുന്നു ഗവമ്മെണ്ടു് ആദ്യമായി നിയന്ത്രിക്കേണ്ടിയിരുന്നതു്. ഇതിനു് ഗവമ്മെണ്ടു് ഇന്നേവരെ എന്തെങ്കിലും ഒരു കൺട്രോൾ നടത്താൻ ശ്രമിച്ചുവോ? ഇതിനു കൺട്രോൾ ചെയ്തിരുന്നുവെങ്കിൽ നിശ്ചയമായും ഈവക യാതൊരു മലിനവസ്തുക്കളും ഒരു സ്ഥലത്തും കാണാൻ കഴിയുകയില്ലായിരുന്നു. കൺട്രോൾ ചെയ്യുക എന്നുവെച്ചാൽ ചുരുക്കത്തിൽ അതിന്റെ അർത്ഥം ഞാൻ ധരിച്ചിട്ടുള്ളിടത്തോളം ആ സാധനങ്ങൾ കാണാതെകണ്ടാക്കുക എന്നാണ്. വാച്ച്, ഫൌണ്ടൻപേന, ഇതുകളൊക്കെ ഗവമ്മെണ്ടു കൺട്രോൾ ചെയ്യുതുകാരണം ഒരു സ്ഥലത്തും അന്വേഷിച്ചാൽ സാധനം കിട്ടുകയില്ല എന്നായിട്ടുണ്ട്. ഇങ്ങിനെ ഗവമ്മെണ്ടു നിയന്ത്രിച്ചിട്ടുള്ള യാതൊരു സാധനവും ഒരിടത്തും കിട്ടുവാൻ പ്രയാസമായിട്ടുണ്ട്. അതാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറഞ്ഞതു് ആക്കും കാണാൻ പാടില്ലാത്തതും മനുഷ്യക്ക വളരെ ഉപദ്രവത്തെ ചെയ്യുന്നതുമായ മലിനവസ്തുക്കളെയായിരുന്നു ഗവമ്മെണ്ടു് ആദ്യമായി കൺട്രോൾ ചെയ്യേണ്ടിയിരുന്നതു് എന്നു്. ഇപ്പോൾ നാട്ടിലുള്ള പല പ്രധാനകച്ചവടവും ഗവമ്മെണ്ടിന്റെ കയ്യിലായിട്ടുണ്ടു്. ആ സ്ഥിതിക്കു് മുഴുവനുംതന്നെ ഗവർമ്മെണ്ടു നേരിട്ടു ഏററെടുത്തുക; അങ്ങിനെ ചെയ്താൽ പലക്കും ഉദ്യോഗം കൊടുക്കുവാനും സാധിക്കുന്നതാണു്. ഉദ്യോഗം കിട്ടുമല്ലൊ എന്നുകരുതി അതിനെ ആരും എതിർക്കാനും പുറപ്പെടുകയില്ല. കച്ചവടംപോലെതന്നെ കൃഷിയും ഗവമ്മെണ്ടു ഏറെറടുത്തു നടത്തിക്കൊള്ളുക. പിന്നെ ഞങ്ങൾക്കു് ആ ഒരു ബുദ്ധിമുട്ടുകൂടാതെ കഴിഞ്ഞു. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി കൊള്ളികൃഷിയെപ്പററി നാടുമുഴുവൻ പറഞ്ഞു പരത്തി നാട്ടുകാരെക്കൊണ്ടു് നാട്ടിലും കാട്ടിലും വെള്ളത്തിലുമൊക്കെ കൊള്ളിവെയ്പിച്ചു. എന്നിട്ടു അതു പറിച്ചെടുക്കുവാൻ അവക്കു നിവൃത്തിയില്ലാതെ വന്നിട്ടുണ്ടു്. ദേശമംഗലം നമ്പൂതിരി കൊള്ളി കൃഷിചെയ്തിട്ടു അദ്ദേഹം അതു പറിച്ചെടുക്കുവാൻ അനുവാദത്തിന്നപേക്ഷിച്ചു. ഞാൻ ഈ കൌൺസിലിൽ വരുന്നതുവരെ അദ്ദേഹത്തിനു് അനുവാദം കിട്ടിയതായി എനിക്കറിവില്ല. ഈ വക കാര്യങ്ങളിൽ ഗവമ്മെണ്ടിന്റെ സകല കണ്ടീഷൻസും അനുസരിച്ചു് ഗവമ്മെണ്ടിലേക്കുള്ള ലാഭം കഴിച്ചു് ബാക്കിയുള്ളതു തന്നാൽ മതിയെന്നു് പറഞ്ഞിട്ടും ഇതേവരെ കൊള്ളി പറിച്ചെടുക്കുവാൻ അദ്ദേഹത്തെ അനുവദിച്ചിട്ടില്ല. ഏതാണ്ടു് ഈ നിലയിൽ കുറച്ചുദിവസംകൂടി കഴിഞ്ഞാൽ കാട്ടു ശരിപ്പെടുത്തുവാനുള്ള കൂട്ടത്തിൽ നമ്മുടെ കൺസർവേററർ അവർകളെ ഏൽപ്പിക്കാമെന്നാണു് എനിക്കു തോന്നുന്നതു്. അതുകൊണ്ടു ഇത്തരം സംഗതിയിൽ നമ്മുടെ മന്ത്രിയുടെ നയം ഒരു തരത്തിലും ആശാശ്യമല്ലെന്നു പറയാതെ നിവൃത്തിയില്ല. ചുരുക്കത്തിൽ അദ്ദേഹം നാട്ടുകാരെ മുഴുവൻ കൊള്ളി കത്തിച്ചു് വളരെ കഷ്ടത്തിലാക്കി എന്നുവേണം പറയുവാൻ (ചിരി)

ഇനി നെല്ലെടുക്കുവാനും മററും നമ്മുടെ ഗവമ്മേണ്ടു് ഏർപ്പാടു ചെയ്തിട്ടുള്ള കൂട്ടത്തിൽ നടപ്പിൽ വരുത്തേണ്ടതായ ഒരു പുതിയ പ്രൊപ്പോസൽകൂടി എനിക്കു പറയുവാനുണ്ടു്. നാട്ടിലുള്ള കൃഷിയെല്ലാം ഗവമ്മേണ്ടു നേരിട്ടു നടത്തുകയും, വിളവു മുഴുവൻ ഗവമ്മേണ്ടിലേക്കെടുക്കുകയും ചെയ്തു നാട്ടുകാരുടെ ആവശ്യത്തിനായി വില്ലേജുകൾതോറും ഓരോ ഹോട്ടൽവെച്ചു് എല്ലാവക്കും ഭക്ഷണം കൊടുക്കുവാനുള്ള ഏർപ്പാടു ചെയ്യുകയും ചെയ്യുക. അതിൽപിന്നെ എവിടെയെങ്കിലും ആരെങ്കിലും അടുപ്പിൽ തീ കൂട്ടിയെന്നു കണ്ടാൽ അപ്പോൾ അവരെ അറസ്റ്റു് ചെയ്യുകയും വേണം. അങ്ങിനെ ചെയ്താൽ നാട്ടുകാക്കുവേണ്ടി വിറകിനുള്ള ബുദ്ധിമുട്ടും നമ്മുടെ കൺസർവേററർക്കു സഹിക്കേണ്ടിവരികയില്ല. ഒരു കുടുംബത്തിൽ എട്ടാളുണ്ടെന്നുവെച്ചാൽ ആ എട്ടാൾക്കും ആ ഹോട്ടലിൽനിന്നു് എട്ടു പൊതിചോറു് കൊടുക്കുവാൻ ഏർപ്പാടു ചെയ്യുക. അവർ അതു വാങ്ങി ഊണു കഴിച്ചുകൊള്ളട്ടെ. ഈ ഒരു മാർഗ്ഗമാണു് ഈ സാധനങ്ങൾ കൺട്രോൾ ചെയ്യുന്നതിനേക്കാളും കച്ചവടമെല്ലാം നേരിട്ടു ഗവമ്മേണ്ടു നടത്തുന്നതിനേക്കാളും നാട്ടുകാർക്കു പ്രയോജനപ്പെടുക എന്നാണു്എന്റെ അഭിപ്രായം. (ചിരി)

ഇനി വേറെ ഒരു സംഗതി എനിക്കു പറയുവാനുണ്ടു്. സപ്ലൈ ഡിപ്പാർട്ടുമെണ്ടിന്റെ നിർദ്ദേശപ്രകാരം ഗവമ്മേണ്ടിൽനിന്നും വിത്തു ഓരോ സ്ഥലങ്ങളിൽ വിതരണം ചെയ്യുകയുണ്ടായി. ആ കൂട്ടത്തിൽ ഞാനും പോയി വിത്തു വാങ്ങിച്ചു. സംഗതിവശാൽ അതിൽ പത്തിനുനാലുവീതം മുളച്ചില്ല. തന്നിമിത്തം കൃഷിയും വളരെ മോശമായി. അതുപോലെതന്നെ പലക്കും ആ അബദ്ധം പററിട്ടുണ്ടു്. പിന്നീടു പലരും വിത്തിന്റെ ദോഷത്തെപ്പററി പറയുകയും ഉണ്ടായി. അതിൽപിന്നെ വീണ്ടും വിത്തുവാങ്ങുവാനായി അവർ പോയപ്പോൾ അതിലെ ചില അധികാരപ്പെട്ട ഉദ്യോഗസ്ഥന്മാർ "നിങ്ങളെയൊക്കെ ഒരു പാഠം പഠിപ്പിച്ചേക്കാം" എന്നാണു് പറഞ്ഞതു്. ഇവരുടെ പക്കൽനിന്നു പഠിക്കേണ്ട ആ പാഠം എന്താണെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. വിത്തുവാങ്ങുവാനായിട്ടു പോയി ഒരു പുതിയ പാഠം പഠിക്കുവാൻ ഞങ്ങൾക്കു സാദ്ധ്യമല്ല.

ചുരുക്കിപ്പറയുകയാണെങ്കിൽ കഴിയുന്നതും ഈ ഡിപ്പാർട്ടുമെണ്ടിലെ കുറെ ഉദ്യോഗസ്ഥന്മാരെ കുറക്കുക; എന്റെ അഭിപ്രായത്തിൽ ഇപ്രകാരമുള്ള ഉദ്യോഗസ്ഥന്മാർ കൂട്ടതലായി ഉള്ളതുകൊണ്ടു് ഈ വക ദോഷങ്ങളെല്ലാം ഉണ്ടാകുന്നുവെന്നാണു്. എന്നെ സംബന്ധിച്ചിടത്തോളം ഒരു ഉദ്യോഗസ്ഥൻ, നമ്പൂതിരിബ്ലേക്കുമാക്കാററിൽ നെല്ലു് വിൽക്കുന്നുണ്ടു് എന്നു പറഞ്ഞതായി എനിക്കറിയാം. അതിനു ഞാൻ പറഞ്ഞുയച്ച സമാധാനം അയാൾ കൈക്കൂലി വാങ്ങുന്നതായിട്ടു എനിക്കറിവുണ്ടു് എന്നു മാത്രമാണു്. ബ്ലേക്കുമാർക്കററ നടത്താനൊ കൈക്കൂലി വാങ്ങാനൊ യാതൊന്നിനും ഞാൻ തയ്യാറില്ല. അതുകൊണ്ടു് ഇങ്ങിനെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള ആളുകളെ കുറച്ചു നല്ല പാകതയും വിവരവും വിശേഷജ്ഞാനവും ഉള്ള ഉദ്യോഗസ്ഥന്മാരെ മാത്രംവെച്ച് കാര്യങ്ങൾ നടത്തിക്കൊണ്ടുപോയാൽ നന്നായിരിക്കും. ഉദ്യോഗസ്ഥന്മാക്ക ശമ്പളം കൂട്ടിയതുകൊണ്ടു മാത്രം കാര്യമായില്ല. അവരിൽ യോഗ്യതയും മര്യാദയും ഉള്ളവരെ മാത്രം വെച്ചിട്ടു ബാക്കിയുള്ളവരെ പിരിച്ചുവിടുകയാണെങ്കിൽ നമ്മുടെ ഡയറക്ടർ അവർകൾക്ക ഒരുവിധം സമാധാനമായി ഈ രാജ്യത്തു പൊറുക്കാം.

ഇന്നത്തെ നിലക്ക എന്റെ മറ്റൊരു അഭിപ്രായം പറയുകയാണെങ്കിൽ ഞങ്ങൾക്ക കിടന്നു പൊറുക്കുവാനുള്ള മറ്റൊരുസ്ഥലം തരുന്നപക്ഷം ഞങ്ങൾ ഈ രാജ്യംതന്നെ വിട്ടു പോകാൻ തയ്യാറാണ്. അത്രമാത്രം ബുദ്ധിമുട്ടാണ് ഞങ്ങൾക്ക നേരിട്ടുകൊണ്ടിരിക്കുന്നത്. ഈ മാതിരി അടിമത്വമായി ജീവിക്കുവാൻ ഞങ്ങൾക്ക വളരെ പ്രയാസമുണ്ട്.

നെല്ലെടുക്കുവാൻ വരുന്നവർ മുഴുവൻനെല്ലും എടുത്തുകഴിഞ്ഞിട്ടു അതു അകത്തിട്ടു പൂട്ടി മുദ്ര വെക്കുന്നു. അതിനുശേഷം ഇതൊക്കെ സൂക്ഷിച്ചുകൊള്ളാം എന്നെഴുതി ഒപ്പിട്ടു കൊടുക്കുകയും വേണം. നെല്ല മുഴുവനും കൊടുത്തു പട്ടിണി കിടന്നാൽ മാത്രം പോരാ, അതോടുകൂടി അവരുടെ മുദ്രയും സൂക്ഷിച്ചുകൊടുക്കണം. കുറെ വിവരമുള്ള ആളുകളെയാണ് ഈ ജോലികൾക്ക വെക്കുന്നതെങ്കിൽ ഇങ്ങിനെയുള്ള ബുദ്ധിമുട്ടുകൾക്കൊന്നിനും ഇടവരികയില്ല.

ചിങ്ങമാസത്തിൽ കൊയ്ത നെല്ല് കൊണ്ടുവരാനായി പെർമിററിനു അപേക്ഷിച്ചപ്പോൾ കന്നി ഫർ-ാംനു-യാണ് എനിക്ക പർമിററ കിട്ടിയതു്. നാലു ദിവസത്തിനകം കൊണ്ടുപോയില്ലെങ്കിൽ പിന്നെ കൊണ്ടുപോകുവാനും ആ പെർമിററ പ്രകാരം സാദ്ധ്യമല്ല പെർമിററ കിട്ടി ഒരു വണ്ടിയോ മറ്റോ പിടിച്ചിട്ടുവേണം നെല്ല കൊണ്ടുപോകുവാൻ. വണ്ടി അന്വേഷിച്ചാൽ ചിലപ്പോൾ കിട്ടാനും വളരെ പ്രയാസമുണ്ട്. നാലു ദിവസത്തിനകം പക്ഷെ കൊണ്ടുപോകാൻ സാധിച്ചില്ലെന്നും വരാം. അതു കരുതീട്ടായിരിക്കണം നാലു ദിവസത്തെ ഇടവെച്ചു് പെർമിററ തന്നതെന്നാണ് വിചാരിക്കേണ്ടിയിരിക്കുന്നതു്. ഗവർമ്മേണ്ടിൽനിന്നും കൂടുതൽ സൌകര്യം തരാത്തപക്ഷം അവരുടെവക ലോറികളിൽതന്നെ കയററി കൊണ്ടുവന്നു തരികയും അതിന്റെ ചിലവു് ആവശ്യപ്പെടുകയും ചെയ്താൽ എത്ര നന്നായിരുന്നു. പെർമിററ കൊടുത്തിട്ട് ഇങ്ങിനെയുള്ള ബുദ്ധിമുട്ടുകൾക്കിടയാക്കുന്നതു് വളരെ കഷ്ടമാണ്. മുമ്പിലത്തെ മാതിരിയല്ല ഇപ്പോഴത്തെ വണ്ടിക്കൂലി. അതുകൊണ്ടു് ഇങ്ങിനെ മനുഷ്യർക്ക ഒരു പ്രകാരത്തിലും പൊറുക്കുവാൻ കഴിയാത്ത സ്ഥിതിവരുത്തിയാൽ അതു വളരെ സങ്കടമാണ്.

ഇതിലേക്ക ഡിപ്പാർട്ടുമെണ്ടിൽനിന്നും അഡ്വൈസറി കമ്മിററിയെ വെച്ചിട്ടുണ്ട്. ഇരിഞ്ഞാലക്കുടത്താലൂക്കിൽ കമ്മിററിയോഗം നടക്കുന്നുണ്ടെന്നുകേട്ടു ഞാൻ അങ്ങോട്ടുപോയി. അന്നുകൂടിയ യോഗം ചെയർമാനെ തിരഞ്ഞെടുക്കുവാൻ മാത്രമുള്ളതായിരുന്നു. അതുപോലെ ചിങ്ങമാസം ഓണക്കാലത്തു ഉത്രാടത്തിൻനാൾ യോഗം കൂടുന്നുണ്ടെന്നറിഞ്ഞ് അന്നും ഞാൻ പോയിരുന്നു. നിങ്ങളുടെ വല്ല ആവശ്യങ്ങളും പറയുവാനുണ്ടോ? ഉണ്ടെങ്കിൽ പറയാം എന്നാണ് എന്നോടു ചോദിക്കയുണ്ടായതു്. ഇന്ന ആവശ്യത്തിന്നാണ് കമ്മിററി കൂടുന്നതെന്നും, എന്താണു അതിലെ ആലോചനാവിഷയമെന്നും ഒന്നുംതന്നെ ആർക്കും നിശ്ചയമില്ല. ഇത്തരത്തിലുള്ള ഒന്നാണ് അഡ്വൈസറി കമ്മിററി.

ലൈസൻസ്സ് പീടികക്കാക്ക കൊടുക്കുന്ന അരി ഏഴ മുതൽ എട്ടുവരെ പറ കൊള്ളുന്ന ചാക്കാണ്. ഏഴ പറ കൊടുത്താലും അതും എട്ടുപറയാക്കി വിററുകൊള്ളാനാണ് അവർക്കുള്ള നിർദ്ദേശം. ഇതിന്റെ സൂത്രം എങ്ങിനെയാണെന്നറിവാനായി ഞാൻ ഒരു പീടികയിൽപോയി. എങ്ങിനെയാണ് ഇവിടെ അരി അളന്നു കൊടുക്കുന്നതെന്നു ചോദിച്ചപ്പോൾ ഇടങ്ങഴി അരി നല്ലപോലെ താഴ്ത്തി വടിച്ച്, ഇങ്ങിനെയാണ് എന്നു പറഞ്ഞു മുമ്പിൽ കൊണ്ടുവന്നുവെച്ചു. ഇങ്ങിനെ കൊടുക്കാനാണ് പറഞ്ഞിട്ടുള്ളതെന്നു് എഴുതിത്തരാമോ എന്നു ഞാൻ ചോദിച്ചു. ഇതു വാക്കാൽ പറഞ്ഞിട്ടുള്ളതാണ്. അതുപോലെ വാക്കാൽ പറയാമെന്നല്ലാതെ എഴുതിത്തരാൻ സാധിക്കയില്ലെന്നാണ് പറഞ്ഞതു്. ഈ തരത്തിലുള്ള ഷോർട്ടേജ് അളവിന്റെ കാര്യത്തിൽ ഇന്നും തുടർന്നുകൊണ്ടുതന്നെയാണിരിക്കുന്നതു് എന്നെനിക്ക മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

ഇതിനുംപുറമെ അരികൂടാതെ ഗോതമ്പും എല്ലാവരും വാങ്ങണമെന്നുണ്ട്. ഇടങ്ങഴി അരിയുണ്ടെങ്കിൽ അതിന്റെ നാലിലൊരുഭാഗം ഗോതമ്പുംകൂടി വാങ്ങണം. അനുഭവം പറയുകയാണെങ്കിൽ നാഴി ഗോതമ്പു വാങ്ങിയാൽ അതു നന്നാക്കിയെടുക്കുമ്പോൾ നല്ലഭാഗം കാൽ നാഴിയൊ മറ്റോ മാത്രമേ ഉണ്ടാകയുള്ളു. ഇങ്ങിനെ അരിക്കുംപുറമെ ഈ ഗോതമ്പും കൂടി നാട്ടുകാരെ തീററിക്കുന്നുണ്ട്. ഗോതമ്പു കുത്തിച്ചു അരിയാക്കാം; അതു വളരെ വിശേ

LIBRARY ARCHIVES Kerala Legislative Assembly

ഷമാണ് എന്നൊക്കെ ഇവിടെ പറയുകയുണ്ടായി. ഞാൻ ഒന്നു ചോദിക്കട്ടെ, ഗോതമ്പു വളരെ വിശേഷമാണ്, അതുപയോഗിച്ചാൽ പാലോ നെയ്യോ ഒന്നുംവേണ്ട, തെങ്ങുള്ള ദിക്കുകളിൽ വിശേഷിച്ചും ഇതു വളരെ നല്ലതാണ് എന്നൊക്കെയാണെങ്കിൽ അത്രയും നല്ല ഗോതമ്പും നമ്മുടെ നാട്ടിലുള്ളപ്പോൾ എന്തിനാണ് കല്ലും നെല്ലും പുഴവും കൂടികല പൊട്ട അരി നാട്ടുകാർക്കു കൊടുക്കുന്നു എന്നാണ് ഞാൻ ചോദിക്കുന്നതു്.

അതുകൊണ്ട് ഞാൻ ആദ്യം പറഞ്ഞതുപോലെ എല്ലാ സാധനങ്ങളും ഗവമ്മേണ്ടിന്റെ നിയന്ത്രണത്തിലാക്കുക. കച്ചവടം, കൃഷി മുതലായവയെല്ലാം ഗവമ്മേണ്ടു നടത്തുക, എന്നിട്ട് വില്ലേജുകൾതോറും നാട്ടുകാർക്കു ചോറു കൊടുക്കുവാനായിട്ട് ഓരോ ഹോട്ടലുകളും ഏർപ്പെടുത്തുക അതായിരിക്കും ഉത്തമമായിട്ടുള്ളതു്. കമ്മൂണലായിട്ടു ഹോട്ടലുകൾ വേണമെന്നുണ്ടെങ്കിൽ അങ്ങിനെയുള്ള ഹോട്ടലുകൾ തുടങ്ങുകയായിരിക്കും നല്ലതു്. കുറച്ചു കാലത്തേക്കു ഇതൊന്നു പരീക്ഷിച്ചുനോക്കുക. ഉദ്യോഗം കൊടുക്കേണ്ട കാര്യത്തിനും റേഷൻ സംബന്ധിച്ചു പരാതികൾ കുറക്കുവാനും മററും ഇങ്ങിനെയുള്ള ഏർപ്പാടുകൾവെച്ചു് ഒരു പരീക്ഷണം നടത്തുക. ഇതൊന്നു ഗവമ്മേണ്ടു ശ്രദ്ധിച്ചാൽ തരക്കേടില്ലെന്നു മാത്രമേ എനിക്കു പറയുവാനുള്ളു.

മിസ്റ്റർ പി. നാരായണമേനോൻ: സപ്ലൈ ഡിപ്പാർട്ടുമെണ്ടിന്റെ ശ്രദ്ധയിൽ രണ്ടുമൂന്നു സംഗതികൾ കൊണ്ടുവരണമെന്നു ഞാൻ വിചാരിച്ചിരുന്നു. അതിൽ ഏററവും പ്രാധാന്യത്തെ അർഹിക്കുന്നതു വിലനിയന്ത്രണമാണ്. ഏതെങ്കിലും ഒരു പദാർത്ഥത്തിന്റെ വില നിയന്ത്രിക്കുമ്പോൾ അതേ പദാർത്ഥത്തിനു് അയൽരാജ്യങ്ങളിൽ എന്താണു വില, നിയന്ത്രിക്കുന്ന വിലകൊണ്ടു് പൊതുജനങ്ങളുടെ സാമ്പത്തികസ്ഥിതിയിൽ ഉണ്ടാകുന്ന മാററങ്ങൾ എന്തെല്ലാമാണ്, ആ മാററങ്ങൾ അവരുടെ ജീവിതത്തെ എങ്ങിനെയെല്ലാം സ്പർശിക്കുന്നുവെന്നെല്ലാം ആലോചിക്കേണ്ടതായിട്ടുണ്ടു്. അയൽരാജ്യങ്ങളിൽ വില വളരെ കൂടുതലായിരിക്കുക, ഇവിടെ വില വളരെ കുറയുക അങ്ങിനെ വന്നാൽ നിയന്ത്രിക്കപ്പെട്ട സാധനം അന്യരാജ്യങ്ങളിലേക്കു കടന്നുപോകുമെന്നുള്ളതു തീർച്ചയാണ്. ഇവിടെ ഒരു കാലത്തു അരിയുടെ വില വളരെ കുറവായിരുന്നപ്പോൾ തിരുവിതാംകൂറിലെ വില വളരെ കൂടുതലായിരുന്നു. അതുകൊണ്ടു് ഇവിടെനിന്നു് തിരുവിതാംകൂറിലേക്കു അരി കടന്നുപോയിക്കൊണ്ടിരുന്നു. അങ്ങിനെ കടന്നുപോകാതെയിരിക്കുവാൻവേണ്ടി ഇവിടെ പല ഏപ്പാടുകളും ചെയ്തിരുന്നു. എക്സൈസ് പൂൺസിനെ വർദ്ധിപ്പിക്കുക, പോലീസിന്റെ സംഖ്യ കൂട്ടുക, മററു കൂലിവേലക്കാരെ ഏപ്പെടുത്തുക എന്നിങ്ങനെയുള്ളതെല്ലാം ചെയ്തിട്ടും ഇവിടെ സ്മഗ്ലിംഗ് നടന്നിരുന്നു. ഇവിടത്തെ സപ്ലൈവകുപ്പിലെ ചിലവുകൾ കണക്കാക്കിനോക്കുകയാണെങ്കിൽ ഏതാണ്ടു മുമ്പു തിരുവിതാംകൂറിനുണ്ടായിരുന്ന നിലതന്നെ ഇവിടെയും വന്നുചേരുവാനാണ് എളുപ്പമുള്ളതു്. അതുകൊണ്ടു് ഒരു പദാർത്ഥത്തിന്റെ വില നിയന്ത്രിക്കുമ്പോൾ അതേ പദാർത്ഥത്തിനു് അയൽരാജ്യങ്ങളിൽ എന്താണു വില എന്നു കണക്കാക്കേണ്ടതു് ആവശ്യമാണെന്നു പലപ്പോഴും തോന്നാറുണ്ടു്. എന്നാൽ നമ്മുടെ ഡിപ്പാർട്ടുമെണ്ടു് അങ്ങിനെ കണക്കാക്കാറുണ്ടെന്നു് എനിക്കു തോന്നുന്നില്ല. കാർഷികോൽപന്നങ്ങളുടെ വില നിയന്ത്രിക്കുക, കാർഷികോപകരണങ്ങളുടെ വിലയും കർഷക തൊഴിലാളികളുടെ കൂലിയും കൃഷിക്കാർക്കുപയോഗമുള്ള മററു സാധനങ്ങളും നിയന്ത്രിക്കാതിരിക്കുക ഇങ്ങിനെവന്നാൽ കർഷകർക്കു പലവിധത്തിലുള്ള നഷ്ടങ്ങളും ക്ലേശങ്ങളും അനുഭവമായിട്ടുവരും. അതിനു് ഇന്നത്തെ ഇവിടത്തെ കാർഷികോൽപന്നങ്ങളുടെ വിലനിയന്ത്രണം ഒരു ഉദാഹരണമാണ്. കാർഷികോൽപന്നങ്ങളിൽ പ്രധാനമായതു നെല്ലാണ്. അതിന്റെ വില നിയന്ത്രിച്ചിട്ടുണ്ടു്. നേരെമറിച്ചു കാർഷികോപകരണങ്ങളായ കന്നുകാലികളുടേയോ, കലപ്പാ, തൂമ്പ മുതലായവയുടെയൊ വിലയും നിയന്ത്രിച്ചിട്ടുണ്ടു്. അതിന്റെ വില എത്രയോമടങ്ങു വർദ്ധിച്ചിട്ടുമുണ്ടു്. ഇത്രയധികം വിലകൊടുത്തു കാർഷികോപകരണങ്ങൾ വാങ്ങിച്ചു കൃഷിചെയ്യുന്നതുകൊണ്ടു കൃഷിക്കാർക്കു് ആ കൃഷിയിൽ നിന്നുണ്ടാകുന്ന നെല്ലു് ഗവമ്മേണ്ടിന്റെ നിയന്ത്രിക്കപ്പെട്ട വിലയനുസരിച്ചു വില്ക്കുവാൻ സാധിക്കാതെവന്നിട്ടുണ്ടു്. അതുപോലെതന്നെ നാട്ടിലെ കൃഷിയെ പ്രോൽസാഹിപ്പിക്കുക, കൃഷിയെ വർദ്ധിപ്പിക്കുക എന്നെല്ലാം പ്രസ്താവിക്കുന്നതോടെപ്പം കൃഷിയെ അധഃപതിപ്പിക്കുന്നതിനു പര്യാപ്തമായ നിലയിൽ കർഷക തൊഴിലാളികളെ അന്യരാജ്യങ്ങളിലേക്കു കൊണ്ടുപോകുകയും, അവരുടെ കൂലി വർദ്ധിപ്പിക്കുകയും, അതിനുവേണ്ട പ്രവർത്തനങ്ങളിൽ ഗവമ്മേണ്ടു് നേരിട്ടു ഏർപ്പെടുകയും, ഒരു തൊഴിലാളിയുടെ സകല ചിലവുംകഴിച്ചു ഒരുറപ്പിക കൊടുക്കാമെന്നു പ്രചാരണവേല നടത്തുകയും ചെയ്താണ് ആസ്സാമിലേക്കും സിലോണിലേക്കും മററും അവരെ കൊണ്ടുപോകുന്നതു്. ഇങ്ങിനെ കൃഷിസംബന്ധിച്ചു സകല വേലകളും ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ തൊഴിലാളികളും ഈ രാജ്യത്തുനിന്നുപോയിട്ടുണ്ട്. അവരുടെ കൂലിയും ഈ തരത്തിൽ വദ്ധിച്ചിട്ടുണ്ട്. കാഷ്ടികോപകരണങ്ങളുടേയും കൂലിയും നിലയുമനുസരിച്ച് കാർഷികോൽപന്നങ്ങളുടെ വില നിയന്ത്രിക്കാതെയിരുന്നാൽ ഇന്നത്തെ നിലയിൽ പല കൃഷിക്കാക്കും ജീവിക്കുവാൻ സാധിക്കാത്തവിധത്തിൽ കഷ്ടപ്പെടേണ്ടതായിവരും. ഈ ഒരു ആവലാതി സകല കൃഷിക്കാരിൽനിന്നും അനവരതം പുറപ്പെടുന്നുണ്ട്. ഇതു ശരിയാണെന്നുള്ളതിനു നാട്ടുമ്പുറങ്ങളിൽ സ്വല്പമൊന്ന് ഇറങ്ങി അന്വേഷണം നടത്തിയാൽ മനസ്സിലാകും. അതുകൊണ്ട് വില നിയന്ത്രിക്കുന്ന കാര്യത്തിൽ ഗവമ്മെണ്ടു പ്രത്യേകം ശ്രദ്ധവെക്കേണ്ടതാണ്. കാർഷികോൽപന്നങ്ങളുടേയും തൊഴിലാളികളുടേയും വിലയും കൂലിയും നിശ്ചയമായിട്ടും നിയന്ത്രിക്കുന്നതിന്നുള്ള വ്യവസ്ഥയും ഇതോടുകൂടി ഉണ്ടാകണം. ഇതാണ് നിയന്ത്രണത്തെ സംബന്ധിച്ചിടത്തോളം എനിക്കു പറയുവാനുള്ളതു്. എന്നു മാത്രമല്ല, ഇന്നത്തെനിലകൂടുതൽ ഭക്ഷ്യപദാർത്ഥങ്ങൾ ഉണ്ടാക്കുന്ന നയത്തിന്നുപോലും വളരെ ഹാനികരമാണ്. മുമ്പു രണ്ടുപൂവ്വു കൃഷിചെയ്തിരുന്ന ഭൂമികൾ ഇപ്പോൾ ഒരു പൂവ്വു കൃഷിചെയ്യാതെ വെറും തരിശാക്കിയിടാറുണ്ട്. ഇങ്ങിനെയുള്ള തരിശുഭൂമികൾ ധാരാളമായി നാട്ടിന്റെ പലഭാഗത്തും കാണുന്നുണ്ട്. ഇതിനുള്ള പ്രധാനകാരണം കർഷകന്മാർക്കുണ്ടാകുന്ന നഷ്ടമാണ്. നഷ്ടംവരുന്നതുകൊണ്ടു കൃഷിചെയ്യാതിരിക്കുന്നതാണ് കുറെകൂടി മെച്ചമെന്നുകരുതി അവർ ഭൂമി തരിശായി ഇടുന്നു. സപ്ലൈ ഡിപ്പാട്ടുമെണ്ടിൽനിന്നോ റവന്യൂ ഡിപ്പാട്ടുമെണ്ടിൽനിന്നോ മുമ്പു രണ്ടു പൂവ്വു കൃഷിചെയ്തിരുന്ന ഭൂമികളിൽ ഒരു പൂവ്വുമാത്രം കൃഷിചെയ്യുന്നവ എത്രയുണ്ടെന്ന് അന്വേഷിച്ചാൽ ഞാൻ പറയുന്നതിന്റെ പരമാർത്ഥം വ്യക്തമാകും. അതുകൊണ്ട് വില നിയന്ത്രിക്കുന്ന കാര്യം, തൊഴിലാളികളുടെ കൂലി ഇങ്ങിനെയുള്ള രണ്ടു സംഗതികൾ ഗവമ്മെണ്ടു പ്രധാനമായി ആലോചിക്കേണ്ടതുണ്ട്. ഒന്നാമതു് അയൽരാജ്യങ്ങളിൽ ആഹാരസാധനങ്ങളുടെ വിലയെന്താണ്, കാർഷികോൽപന്നങ്ങളുടെ വിലയും അതിനുവേണ്ടിയുള്ള തൊഴിലാളികൾ ആവശ്യപ്പെടുന്ന കൂലിയും എന്താണ് എന്നറിഞ്ഞ് അതുംകൂടി നിയന്ത്രിക്കണം. ഇതിനുംപുറമെ നിയന്ത്രണത്തിൽ ഒരു കാര്യംകൂടി ശ്രദ്ധിക്കുവാനുണ്ട്. ഇതിനുമുമ്പു പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സംഗതി പരമാർത്ഥമായിട്ടുള്ളതാണ്. ഗവമ്മെണ്ടു് പദാർത്ഥങ്ങൾ കൺട്രോൾചെയ്യാതേയും കമാണ്ടിയർചെയ്യാതേയും വിലമാത്രം നിയന്ത്രിച്ചാൽ ആ സാധനം നാട്ടിലെങ്ങുംതന്നെ കിട്ടാതെയാകും. ഏതെങ്കിലും ഒരു സാധനം നിയന്ത്രിച്ചാൽ, അതിനെസംബന്ധിച്ച് പൊതുജനങ്ങൾ എന്താണു പ്രവൃത്തിക്കേണ്ടതു് എന്നു വ്യവസ്ഥയില്ലാതെ നിയന്ത്രിച്ചാൽ ആ സാധനം പിന്നെ ഒരു ദിക്കിലും കിട്ടുകയില്ല. ആ സാധനങ്ങൾ കിട്ടുവാൻവേണ്ടി പൊതുജനങ്ങൾ കുറെ അധികം ബുദ്ധിമുട്ടേണ്ടതായിവരും. ഉള്ളിയുടെ വില നിയന്ത്രിക്കുകയുണ്ടായി. എന്നിട്ടു സുഖക്കേടുപിടിച്ച ഒരാൾക്കു കണ്ണിൽ പിഴിയുവാൻ ഒരു കഷണം ഉള്ളി കിട്ടുവാനായിട്ടു ഈ രാജ്യംമുഴുവനും നടന്നിട്ടും കണ്ണിൽപെടുകയുണ്ടായില്ല. ഇതുപോലെ ഫൌണ്ടൻപേന, വാച്ച്, കടലാസ്സ് തുടങ്ങി ഉപ്പുതൊട്ടു കപ്പൂരംവരെയുള്ള എല്ലാ സാധനങ്ങൾക്കും വില നിയന്ത്രിച്ചിട്ടുണ്ട്. എന്നാൽ അങ്ങിനെയുള്ള സാധനങ്ങൾ ഗവമ്മെണ്ടു സ്ഥാക്കു ചെയ്തിട്ടുമില്ല. പൊതുജനങ്ങൾക്കു കിട്ടുവാനുള്ള യാതൊരു ഏർപ്പാടുകളും ചെയ്തിട്ടുമില്ല. അതുകൊണ്ടു് ഇങ്ങിനെയുള്ള നിയന്ത്രണങ്ങൾ നിശ്ചയമായിട്ടും.....

The House rose for the day at 5 p.m.

N. S. RADHAKRISHNA SARMA

Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly